പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 243 — 8.6.2015-ലെ മറുപടിക്ക്

## ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ

ചോദ്യം
ശ്രീ.പി.ശ്രീരാമകൃഷ്ണൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വിവിധ ജയിലുകളിലായി ശിക്ഷാ കാലാവധി കഴിഞ്ഞ എത്ര തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ; | എ) സഹബുൾ, S/o.സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ശിക്ഷാകാലാവധി പൂർത്തിയാക്കിയിട്ടും വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്നുണ്ട്. |
| ബി) ഈ തടവുകാരെ മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഡീപോർട്ടേഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ജയിലിൽതന്നെ പാർപ്പിച്ചിരിക്കുന്ന സഹബുൾ എന്ന തടവുകാരനെ ഡീപോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| സി) ഇത്തരം തടവുകാരെ മോചിപ്പിക്കുന്നതിൽ നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നല്കുമോ? | സി) ഡീപോർട്ടേഷൻ നടപടികളിൽ ഉണ്ടാകുന്ന കാലതാമസമല്ലാതെ മറ്റൊരു നിയമ തടസ്സവും ഇത്തരം തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തിൽ ഇല്ല. |

സെക്ഷൻ ഓഫീസർ